➯ *1960–62 കാലയളവിൽ സമഗ്രപഞ്ചായത്ത് നിയമവും മുൻസിപ്പാലിറ്റി നിയമവും നിലവിൽ വന്നു* ➯

# പഞ്ചായത്തീരാജ് സംവിധാനത്തെ ശക്തിപ്പെടുത്തുക

പഞ്ചായത്തീരാജ് സംവിധാനം കേരളത്തിൽ നടപ്പിലാക്കിയതിന്റെ കാൽ നൂറ്റാണ്ട് കാലത്തെ വിലയിരുത്തുകയും ഭാവിയിലേക്കുള്ള ചില ചിന്തകൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

**ഇടത്, രാഷ്ട്രീയ, ബഹുജന, പരിസ്ഥിതി, മനുഷ്യാവകാശ പ്രസ്ഥാനങ്ങളുടെ പൊതുവേദി**

**ഇന്ത്യൻ** ഭരണഘടന നിലവിൽവന്നപ്പോൾ രാജ്യത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്ന രണ്ടുതരത്തിലുള്ള ഭരണസംവിധാനമാണ് ഭരണഘടന വിഭാവനം ചെയ്തത്. എന്നാൽ സർഗാത്മക ജനാധിപത്യത്തിനും ജനങ്ങൾക്ക് തങ്ങളുടെ ഭാഗധേയം സ്വയം നിർണയിക്കാൻ കഴിയുന്നതിനും, ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമസ്വരാജ്, ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെടുത്തുകയാണുണ്ടായത്. 1992ൽ പി.വി. നരസിംഹറാവു ഗവൺമെന്റ് അവതരിപ്പിച്ച 73,74 ഭരണഘടനാ ഭേദഗതി പാർലമെന്റ് പാസ്സാക്കുകയും 1993 ഏപ്രിൽ 20ന് രാഷ്ട്രപതി ഒപ്പുവയ്ക്കുകയും ചെയ്തതോടുകൂടിയാണ് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഭരണഘടനാ പിൻബലം ലഭിക്കുന്നത്. തുടർന്ന് പഞ്ചായത്ത് സംവിധാനം ശക്തിപ്പെടുത്താൻ ഉപകരിക്കുന്ന നിരവധി വ്യവസ്ഥകൾ ഭരണഘടനാഭേദഗതിയിൽ സ്ഥാനം പിടിച്ചു.

1. 20 ലക്ഷത്തിലധികം ജനങ്ങൾ ഉള്ള സംസ്ഥാനങ്ങളിൽ ത്രിതലപഞ്ചായത്തുകൾ, നഗരപാലിക സ്ഥാപനങ്ങൾ.
2. ഗ്രാമത്തിലെ വോട്ടർമ്മാർ ഉൾപ്പെടുന്ന ഗ്രാമസഭ, ആറു മാസം കൂടുമ്പോൾ സഭാ സമ്മേളനം നടത്തുക.
3. ഓരോ അഞ്ചുവർഷം കൂടുമ്പോൾ തെരഞ്ഞെടുപ്പ് നിർബന്ധം.
4. അംഗത്വത്തിലും അദ്ധ്യക്ഷ പദവിയിലും മൂന്നിൽ ഒന്ന് സ്ത്രീകൾക്ക് സംവരണം. (കേരള സർക്കാർ നടത്തിയ ഭേദഗതി പ്രകാരം 50 ശതമാനം സംവരണം).
5. അംഗത്വത്തിലും അദ്ധ്യക്ഷാപദവിയിലും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി സംവരണം.
6.പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ സ്വതന്ത്രമായ തെരഞ്ഞെടുപ്പ് കമ്മീഷൻ.
7. പഞ്ചായത്തുകൾക്ക് ഫണ്ടു നൽകാൻ ധനകാര്യകമ്മീഷൻ.
8. ജില്ലാ ആസൂത്രണസമിതികൾ.

### പഞ്ചായത്തീരാജ് സംവിധാനവും കേരളവും

1957ൽ മുഖ്യമന്ത്രി ഇ.എം.എസിന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച ഭരണപരിഷ്ക്കാര കമ്മിറ്റി പൊതുഭരണത്തിന്റെയും വികസനത്തിന്റെയും അടിസ്ഥാനഘടകമായി ശിപാർശ ചെയ്തത് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സംവിധാനത്തെ ആയിരുന്നു. 1960–62 കാലയളവിൽ സമഗ്രപഞ്ചായത്ത് നിയമവും മുൻസിപ്പാലിറ്റി നിയമവും നിലവിൽ വന്നു. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1964 ജനുവരി 1ന് കേരളത്തിൽ പുതിയ പഞ്ചായത്ത് ന

ഗരസഭാ ഭരണസമിതികൾ നിലവിൽ വന്നു. 73,74 ഭരണഘടനാ ഭേദഗതിയ്ക്കുശേഷം 1994 ഏപ്രിൽ 24നാണ് കേരളാ പഞ്ചായത്തീരാജ് നിയമവും കേരളാ മുൻസിപ്പാലിറ്റി നിയമവും കേരളനിയമസഭ പാസ്സാക്കിയത്. ഈ നിയമങ്ങളുടെ പിൻബലത്തോടെ 1995 ഒക്ടോബർ 2ന് കേരളത്തിൽ പുതിയ പ്രാദേശിക സർക്കാർ നിലവിൽ വന്നു.

1996 ആഗസ്റ്റ് 17ന് കേരളത്തിൽ സംസ്ഥാന പ്ലാനിങ്ങ് ബോർഡ് നേതൃത്വം നൽകി ജനകീയാസൂത്രണപ്രസ്ഥാനം ആരംഭിച്ചു. പദ്ധതി വിഹിതത്തിന്റെ 40 ശതമാനം വരെയുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ സർക്കാർ തീരുമാനിച്ചു. 1996 ൽ സർക്കാർ ഡോ. സത്യബ്രതസെന്നിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. അധികാര വികേന്ദ്രീകരണം പ്രാപ്തമാക്കാനും പ്രാദേശികഭരണം ശക്തിപ്പെടുത്താനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് സെൻ കമ്മിറ്റിയെ നിയോഗിച്ചത്.

> കേരളത്തിൽ 'അധികാരം ജനങ്ങളിലേക്ക്" എന്ന കാഴ്ചപ്പാട് ക്രമേണ അട്ടിമറിക്കപ്പെടുകയും ആഗോള മുതലാളിത്തത്തിന്റെ പങ്കാളിത്ത വികസന മാതൃകകൾ അവലംബിച്ചു കൊണ്ട് ക്ഷേമ പ്രവർത്തനങ്ങളും പ്രാദേശിക വികസന പദ്ധതികളും ജനങ്ങളുടെ തലയിൽ കെട്ടിവെക്കുകയുമാണുണ്ടായത്. അധികാരം ജനങ്ങളിലേക്ക് എന്ന ആശയത്തെ നിരാകരിക്കുകയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഭരണവർഗ്ഗ രാഷ്ട്രീയക്കാരും ചേർന്ന ഒരു ഗൂഢസംഘം ജനങ്ങളുടെ അധികാരം കവർന്നെടുക്കുകയുമാണുണ്ടായത്.

സെൻ കമ്മിറ്റി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1999ൽ പഞ്ചായത്തീരാജ് നഗരപാലിക നിയമങ്ങളിൽ സമഗ്രമായ ഭേദഗതി വരുത്തി. പക്ഷേ കേരളത്തിൽ 'അധികാരം ജനങ്ങളിലേക്ക്' എന്ന കാഴ്ചപ്പാട് ക്രമേണ അട്ടിമറിക്കപ്പെടുകയും ആഗോള മുതലാളിത്തത്തിന്റെ പങ്കാളിത്ത വികസന മാതൃകകൾ അവലംബിച്ചുകൊണ്ട് ക്ഷേമ പ്രവർത്തനങ്ങളും പ്രാദേശിക വികസന പദ്ധതികളും ജനങ്ങളുടെ തലയിൽ കെട്ടിവെക്കുകയുമാണുണ്ടായത്. അധികാരം ജനങ്ങളിലേക്ക് എന്ന ആശയത്തെ നിരാകരിക്കുകയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഭരണവർഗ്ഗ രാഷ്ട്രീയക്കാരും ചേർന്ന ഒരു ഗൂഢസംഘം ജനങ്ങളുടെ അധികാരം കവർന്നെടുക്കുകയുമാണുണ്ടായത്.

താഴെപ്പറയുന്ന വസ്തുതകൾ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ അടിസ്ഥാന സങ്കല്പമായ വികേന്ദ്രീകരണ ആസൂത്രണം എന്ന ആശയത്തെ എത്രമാത്രം വികലമാക്കി എന്ന് വ്യക്തമാക്കുന്നു.

1. അധികാരവികേന്ദ്രീകരണം വാക്കിൽ മാത്രമായി ചുരുങ്ങി. പതിനേഴ് ഡിപ്പാർട്ടുമെന്റുകൾ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ വിട്ടുകൊടുത്തെങ്കിലും ഉദ്യോഗസ്ഥ നിയന്ത്രണാധികാരം നൽകിയില്ല.

2. ഗ്രാമസഭകൾ നോക്കുകുത്തിയായി. ഭരണഘടനാപരമായ ബാധ്യതയെന്ന നിലയിൽ സ്വന്തക്കാരെ പങ്കെടുപ്പിച്ചും ആനുകൂല്യങ്ങളുടെ വാഗ്ദാനങ്ങളിൽ വ്യാമോഹിപ്പിച്ചും ക്വോറം തികക്കുന്ന കമ്മിറ്റികളായി ഗ്രാമസഭകൾ മാറി. ജനങ്ങൾക്ക് നൽകേണ്ട അധികാരം ജനപ്രതിനിധികളിലും രാഷ്ട്രീയ നേതാക്കളിലും കേന്ദ്രീകരിച്ചു.

3. നിയമപരമായും ഭരണഘടനാപരമായും വനിതകൾക്ക് അധികാരം ലഭ്യമായെങ്കിലും ഒട്ടുമിക്ക പഞ്ചായത്തുകളിലും നഗരസഭകളിലും രാഷ്ട്രീയ നേതൃത്വത്തിലെ പുരുഷമേധാവിത്വം ഭരണം നിയന്ത്രിച്ചു. സ്വതന്ത്രമായി പ്രവർത്തിക്കാനും ഭരണമികവ് തെളിയിയ്ക്കാനും സ്ത്രീകൾക്ക് കഴിയാതെപോയി.

4. കുടുംബശ്രീയുടെ സാമൂഹിക അദ്ധ്വാനശക്തിയെ അച്ചാറിലും പപ്പടത്തിലും ചീരകൃഷിലും ഒതുക്കി. 45 ലക്ഷം അംഗങ്ങളുള്ള കുടുബശ്രീ യൂണിറ്റുകളെ ഗ്രാമീണ ജീവതഗുണമേന്മ വർദ്ധിപ്പിക്കാനും സ്ത്രീ ശാക്തീകരണത്തിനുമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല.

5. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജീവിതഗുണതയിൽ ഉണ്ടായ ഉയർച്ച, (വൈദ്യുതി, വീട്, കുടിവെള്ളം, സാനിറ്റേഷൻ), അവരുടെ ദൈനംദിന ജീവനത്തിന് ആവശ്യമായ വരുമാന സ്രോതസുകൾ വർദ്ധിപ്പിയ്ക്കാനും ജീവിത നിലവാരം മെച്ചപ്പെടുത്താനും വേണ്ടത്ര പ്രയോജനപ്പെട്ടില്ല.

6. ഗ്രാമ-നഗര സംവിധാനങ്ങൾ ആധുനികവൽക്കരിക്കപ്പെടുകയും ഏകജാലക സംവിധാനം നടപ്പിലാവുകയും ചെയ്തതോടെ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളിൽ ഗുണപരമായ മാറ്റവും അഴിമതിയും കൈക്കൂലിയും നിർമാർജനം ചെയ്യപ്പെട്ട സുതാര്യമായ ഒരു ജനാധിപത്യ സംവിധാനവുമാണ് പ്രതീക്ഷിച്ചതെങ്കിലും അത് എങ്ങുമെത്തിയില്ല. മറിച്ച് കേന്ദ്രീകൃതമാവുകയും ചെയ്തു.

7. ജനങ്ങൾക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ ഔദാര്യമായി കാണുകയും അതിന് വേണ്ടപ്പെട്ടവരെ കണ്ടുപിടിക്കേണ്ട (കൈക്കൂലി

തന്നെ) അവസ്ഥയും സാർവ്വത്രികമായി.

8. ഓരോ പ്രദേശത്തെയും ജനങ്ങളുടെ ആവശ്യങ്ങൾക്കും ലഭ്യമാകുന്ന വിഭവങ്ങൾക്കും മുൻഗണന നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന ആദ്യഘട്ട രീതികളെല്ലാം അട്ടിമറിക്കപ്പെടുകയും പദ്ധതികൾക്ക് അനുവദിക്കപ്പെട്ട ഫണ്ട് ജനപ്രതിനിധികളിലൂടെ വിതരണം ചെയ്യുന്ന തലതിരിഞ്ഞ സമ്പ്രദായം നിലവിൽ വരുകയും ചെയ്തു.

9. പ്രകൃതി വിഭവങ്ങളായ കൃഷി നിലങ്ങളും കാടും വെള്ളവും ഭൂമിയും കരുതലോടെ കാത്ത് വക്കേണ്ടതിനു പകരം അവയെ വിറ്റ് കാശാക്കുന്നതിലും ലാഭ വിഹിതം പങ്കുപറ്റാൻ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും പാർട്ടി നേതാക്കളും മത്സരിക്കുന്ന വിധം തകർച്ചയിലേക്ക് പ്രാദേശിക ഭരണ വ്യവസ്ഥ കൂപ്പു കുത്തി.

10. ഭരണഘടന പ്രകാരമുള്ള പഞ്ചായത്ത് രാജ് അധികാരങ്ങൾ എടുത്ത് കളഞ്ഞ് പഞ്ചായത്ത് / നഗരസഭയുടെ അനുമതിയില്ലാതെ തന്നെ വ്യവസായ സംരംഭങ്ങൾക്ക് ഏകജാലകം വഴി വ്യവസായ വകുപ്പ് നേരിട്ട് അനുമതി നൽകുന്നതിനുള്ള നടപടികൾ നിലവിൽ വന്നു.

11. 2005ലെ വിവരാവകാശ നിയമം പാസ്സാക്കുന്നതിന് മുന്നേതന്നെ 1994ൽ പഞ്ചായത്തുഭരണത്തിൽ ജനങ്ങളുടെ അറിയാനുള്ള അവകാശം ഉറപ്പാക്കിയിരുന്നു.

12. പരാതി പരിഹാര സ്ഥാപനങ്ങളായ പഞ്ചായത്ത് ട്രൈബ്യൂണലും ഓംബുഡ്സ്മാനും നിഷ്ക്രിയമായി.

13. മരാമത്തുപണികൾ ഉപഭോക്തൃ സമിതികളിൽ നിന്നും കരാറുകാരനിലേക്ക് മാറി. ബനിഫിഷ്യറി കമ്മിറ്റിയുടെ നിരീക്ഷണവും സോഷ്യൽ ഓഡിറ്റും നിലച്ചു. എസ്റ്റിമേറ്റ് തുകയും നിർമ്മാണചിലവും ബോർഡിൽ എഴുതിവയ്ക്കുന്ന ചടങ്ങ് രീതി പോലും അവസാനിച്ചു.

**ആവശ്യങ്ങൾ**

1. ഭരണഘടനാ സ്ഥാപനമെന്ന ഗ്രാമസഭകളുടെ സ്റ്റാറ്റ്യൂട്ടറി പദവി തിരിച്ചുനൽകാൻ സംസ്ഥാന സർക്കാർ തയ്യാറാകണം. എങ്കിൽമാത്രമേ ഗ്രാമസഭാ തീരുമാനങ്ങൾ നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയൂ.

2. പഞ്ചായത്തുകളുടെ അധികാര പരിധിയിലുള്ള പ്രകൃതി വിഭവങ്ങളുടെയും മണൽ, കരിങ്കല്ല്, ധാതുവിഭവങ്ങൾ എന്നിവയുടെയും നിയന്ത്രണാധികാരം പഞ്ചായത്തുകൾക്ക് നൽകുക.

3. വിദേശമദ്യ വിൽപനശാലകൾ, കള്ളുഷാപ്പ്, ക്വാറികൾ, പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യവസായങ്ങൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകാനും നിയന്ത്രിക്കാനുമുള്ള അധികാരം പഞ്ചായത്ത് രാജ് സംവിധാനത്തിന് നൽകുക.

4. പഞ്ചായത്തുകളിലേക്ക് നൽകിയ പതിനേഴ് ഡിപ്പാർട്ട്മെന്റുകളിലെ ജീവനകാരുടെ സേവന വേതന വ്യവസ്ഥകൾ അവരുടെ നിയമനം, ട്രാൻസ്ഫർ എന്നിവയെല്ലാം സർക്കാരിൽ തന്നെ നിക്ഷിപ്തമാക്കുകയും സംസ്ഥാനസർക്കാർ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് ജീവനക്കാരുടെ നിയന്ത്രണാധികാരം പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുക.

5. പരിസ്ഥിതി പ്രശ്നങ്ങളിലും പ്രകൃതി വിഭവങ്ങളുടെ കരുതലോടെയുള്ള വിനിയോഗത്തിലും ജൈവവൈവിധ്യബോർഡിന്റെ പഞ്ചായത്ത് തല കമ്മിറ്റിയുടെ ഇടപെടൽ കുറ്റമറ്റതാക്കുക.

6. പഞ്ചായത്ത് ധനകമ്മീഷന്റെ നിർദ്ദേശപ്രകാരം പ്ലാൻ ഫണ്ടിന്റെ 40 ശതമാനം പഞ്ചായത്തുകൾക്ക് നൽകുക.

7. ജനവിരുദ്ധമായ പ്രവർത്തനങ്ങളിൽ പങ്കുചേരുക, പദ്ധതി വിഹിതത്തിൽ നിന്നോ മറ്റ് ആനുകൂല്യങ്ങളിൽ നിന്നോ കമ്മീഷനോ കൈക്കൂലിയോ കൈപ്പറ്റുക തുടങ്ങിയവയിലൂടെ ജനസമ്മതി നഷ്ടപ്പെട്ടു എന്ന് ഗ്രാമസഭ വിധിച്ചാൽ ആ ജനപ്രതിനിധി സ്ഥാനമൊഴിയണമെന്ന് അനുശാസിക്കുന്ന നിയമം പഞ്ചായത്തിരാജി നിയമത്തിൽ ചേർക്കുക.

8. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഏറ്റവും അടുത്ത പ്രവൃത്തിദിവസം പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തുക.

9. ഗ്രാമപഞ്ചായത്ത് നഗരസഭാ തെരഞ്ഞെടുപ്പുകളിൽ കക്ഷിരാഷ്ട്രീയ കിടമത്സരമില്ലാതെ പ്രകൃതിയുടെ സുരക്ഷയും ജനങ്ങളുടെ ജീവിത സുരക്ഷയുമടക്കമുള്ള രാഷ്ട്രീയത്തിൽ സത്യസന്ധമായി ഉറച്ചുനിൽക്കുന്ന, വിവേകവും തിരിച്ചറിവുമുള്ളവരുടെ ആരോഗ്യകരമായ മത്സരമുണ്ടാകണം.

പഞ്ചായത്ത് മുൻസിപ്പൽ തെരഞ്ഞെടുപ്പിൽ സത്യസന്ധമായും സുതാര്യമായും ജനങ്ങളുടെ പ്രശ്നങ്ങൾക്കും ജനകീയ സമരങ്ങൾക്കും ഒപ്പം നിൽക്കുന്ന, അഴിമതിക്കും വർഗീയതക്കും പക്ഷപാതിത്വത്തിനും മാഫിയാവൽക്കരണത്തിനും ശക്തമായി എതിരുനിൽക്കുന്ന സ്ഥാനാർത്ഥികളെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*കെ.എസ്. ഹരിഹരൻ, അഡ്വ. പി.എ. പൗരൻ, കെ.എം. ഷാജഹാൻ, ബൾക്കീസ് ബാനു, എം.കെ.ദാസൻ, എം. ശ്രീകുമാർ, ഗോപിനാഥപിള്ള, പ്രസാദ് സോമരാജൻ, ഷീജ. എം, രാജഗോപാൽ വാകത്താനം, എസ്.ബാബുജി, ബിജു.വി ജേക്കബ്....* ■